LIBRARY ARCHIVES Kerala Legislative Assembly

ജൈവപച്ചക്കറി ഉത്പാദനം

177 (3383) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പദ്ധതികളുടെ ഭാഗമായി നിലവിൽ എത്ര ടൺ ജൈവപച്ചക്കറി പ്രതിമാസം ഉൽപ്പാദിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ സഹായമില്ലാതെ വിവിധ കൂട്ടായ്മകൾ എത്ര ടൺ പച്ചക്കറി പ്രതിമാസം ഉൽപ്പാദിപ്പിക്കുന്നുണ്ടെന്ന് വിശദമാക്കി ?

ഉത്തരം

(എ) സർക്കാർ പദ്ധതികളുടെ ഭാഗമായി പച്ചക്കറി വികസന പദ്ധതിയിലൂടെ നിലവിൽ ശരാശരി 11000 മെട്രിക് ടൺ ജൈവ പച്ചക്കറി പ്രതിമാസം ഉൽപാദിപ്പിക്കുന്നു.

കൂടാതെ വെജിറ്റബിൽ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ ഭാഗമായി ഏകദേശം 20000 ടൺ പച്ചക്കറി പ്രതിമാസം ഉൽപാദിപ്പിക്കുന്നു.

(ബി) സർക്കാർ സഹായമില്ലാതെ വിവിധ കർഷക കൂട്ടായ്മകൾ വഴി 71385 മെട്രിക് ടൺ പച്ചക്കറി പ്രതിമാസം ഉൽപാദിപ്പിക്കുന്നു.

കർഷകർക്ക് അഗ്രികാർഡ്

178 (3384) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് അഗ്രികാർഡ് നൽകുവാനുള്ള പദ്ധതിയിൽ എത്ര കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) രജിസ്റ്റർ ചെയ്ത കർഷകർക്ക് അഗ്രികാർഡ് വിതരണം ചെയ്യുകയുണ്ടായോ;

(സി) അഗ്രികാർഡ് രജിസ്ട്രേഷനായി ഓരോ കർഷകനിൽ നിന്നും എത്ര രൂപ വീതം ഈടാക്കിയിട്ടുണ്ട്;

(ഡി) അഗ്രികാർഡുള്ള കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നത്; വിശദമാക്കുമോ?